(ഡി) ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഇ) കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകളിൽ പണിയെടുക്കുന്ന 1990-ന് ശേഷം സ്ഥിരപ്പെടുത്തിയ തൊഴിലാളികളുടെ പ്രൊവിഡന്റ് ഫണ്ട് വിഹിതം പിടിക്കുന്നില്ല എന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ പ്രസ്തുത വിഹിതം പിടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 61 ഫാമുകൾ.

(ബി) 1994-95-ലെ കണക്കനുസരിച്ച് കാസർഗോഡ് കാഷ്യൂ ഓർച്ചാർഡ് ഫാം മാത്രമാണ് ലാഭത്തിൽ പ്രവർത്തിക്കുന്നത്. കൃഷി ഫാമുകൾ കേവലം ലാഭേഛയോടുകൂടിയല്ല പ്രവർത്തിക്കുന്നത്. ഫാമുകൾ ഗുണമേൻമയുള്ള വിത്തിനങ്ങളും മറ്റ് നടീൽ വസ്തുക്കളും ഉല്പാദിപ്പിച്ച് ന്യായമായ വിലയ്ക്കും സൗജന്യ നിരക്കിലും വിതരണം ചെയ്യുകയും ആധുനിക കൃഷി രീതികൾ കർഷകർക്ക് പരിചയപ്പെടുത്തി കൊടുക്കുകയും ചെയ്യുന്ന മാതൃകാ കൃഷി തോട്ടങ്ങളാണ്.

(സി, ഡി) പുതിയതായി സ്ഥിരം തൊഴിലാളികളെ നിയമിച്ചിട്ടില്ല. മുൻവർഷം 240 ദിവസം പൂർത്തിയാക്കിയ കാഷ്വൽ തൊഴിലാളികളെ അതാതു ഫാമുകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ അടിസ്ഥാനത്തിൽ സ്ഥിരപ്പെടുത്തി വരുന്നുണ്ട്.

(ഇ) ഉണ്ട്.

(എഫ്) നടപടി സ്വീകരിച്ചു വരുന്നു.

രോഗം ബാധിച്ച തെങ്ങുകൾ മുറിച്ചുമാറ്റാൻ പദ്ധതി

3 [1924] ശ്രീ. എൻ. രാജൻ:
,, ഇ. രാജേന്ദ്രൻ:
,, എം. നാരായണൻ (ഹോസ്ദുർഗ്):
,, സത്യൻ മൊകേരി:

* പ്രൊ. മീനാക്ഷി തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രോഗം ബാധിച്ച തെങ്ങുകൾ മുറിച്ചു മാറ്റി പകരം പുതിയ മേൽത്തരം തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ ഇതുവരെ എന്തു തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനകം സംസ്ഥാനത്ത് എത്ര തെങ്ങുകൾ വെട്ടിമാറ്റിയിട്ടുണ്ട്; പകരം എത്ര തൈകൾ വച്ച് പിടിപ്പിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1992–93 മുതൽ നാളിതുവരെ 952.50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) 4,29,193 തെങ്ങുകൾ വെട്ടിമാറ്റുകയും 3,65,181 തൈകൾ വച്ചു പിടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

കാർഷിക രംഗത്ത് പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിനായി പദ്ധതി

4 [1925] പ്രൊഫസർ മീനാക്ഷി തമ്പാൻ:
ശ്രീ. കെ. പ്രകാശ് ബാബു:
,, എൻ. രാജൻ:
,, എം. നാരായണൻ (ഹോസ്ദുർഗ്ഗ്):
.. ഇ. രാജേന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക രംഗത്ത് പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിനായി പ്രത്യേക പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഈ പദ്ധതിക്കായി കേന്ദ്രസഹായം ലഭിക്കുമോ;

(സി) ഉണ്ടെങ്കിൽ ഇതിനകം എന്തെങ്കിലും സഹായം ലഭിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത പദ്ധതിയിൻ കീഴിൽ എന്തെല്ലാമാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കൃഷിയിൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗം എന്ന 100 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

(ബി) ഇത് പൂർണ്ണമായും കേന്ദ്ര സഹായം ലഭിക്കുന്ന പദ്ധതി ആണ്.

(സി) ലഭിച്ചിട്ടുള്ള സഹായം

1992–93	..	74.60 ലക്ഷം രൂപ.
1993–94	..	124.00 ലക്ഷം രൂപ.
1994–95	..	213.68 ലക്ഷം രൂപ.
1995–96	..	501.81 ലക്ഷം രൂപ.

(ഡി) തെങ്ങ്, കമുക്, വാഴ, പച്ചക്കറികൾ തുടങ്ങിയവയുടെ കൃഷിയിടങ്ങളിൽ ഡ്രിപ്പ് ഇറിഗേഷൻ യൂണിറ്റുകൾ, ഗ്രീൻഹൗസുകൾ എന്നിവ സ്ഥാപിക്കുന്നതിന് 50 ശതമാനം സാമ്പത്തികസഹായം നൽകുകയാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly